(3) ആലപ്പുഴയിൽ അഡ്വക്കേറ്റിനെ പോലീസ് മർദ്ദിച്ച സംഭവം

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, മിനിഞ്ഞാന്ന് രാവിലെ ആലപ്പുഴ നടന്ന ഒരു സംഭവത്തിലേക്ക് സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. മിനിഞ്ഞാന്ന് രാവിലെ ആലപ്പുഴ മുല്ലക്കൽ എന്നു പറയുന്ന വളരെ ആൾതിരക്കുള്ള സ്ഥലത്ത് റോഡുവഴി ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന കൗൺസിൽ മെമ്പറായ സഖാവ് ജോയിക്കുട്ടി ജോസ് അഡ്വക്കേറ്റ് നടന്നുവരികയായിരുന്നു. അദ്ദേഹം നടന്നുവരുമ്പോൾ ആൾതിരക്കിനിടയിൽവെച്ച് കാളവണ്ടിക്കാരനായ ഒരു സാധുവിനെ, ആലപ്പുഴ സൗത്ത് സ്റ്റേഷനിലെ പോലീസ് സബ്ഇൻസ്പെക്ടർ വളരെ കഠിനമായി മർദ്ദിക്കുന്നതുകണ്ടു. അദ്ദേഹം തിരിഞ്ഞു നിൽക്കുകയും എന്തിനാണ് തല്ലുന്നത്, പിടിച്ചുകൊണ്ടുപോയി കേസ്സെടുത്താൽ പോരെ എന്നു ചോദിക്കുകയും ചെയ്തു. അത്രയുമാണ് ആകെ ഒരു പ്രകോപനത്തിന് ഇടയാക്കിയത്. സഖാവ് ജോയിക്കുട്ടിജോസിനെ അവിടെവെച്ചു ആളുകൾ കാൺകെ ഭയങ്കരമായി മർദ്ദിക്കുകയും പിടിച്ചു വലിച്ചുവാനിലിട്ട് സ്റ്റേഷനിലേക്ക് കൊണ്ടുപോവുകയും റിമാൻഡിൽ സൂക്ഷിച്ചിരിക്കുകയുമാണ്. ഇന്നലെ പത്രത്തിൽ വന്ന വാർത്ത ബഹുമാനപ്പെട്ട ചെയർ വായിച്ചിരിക്കും. ആലപ്പുഴ ബാറിലെ വക്കീലൻമാർ മുഴുവൻജോലി ബഹിഷ്ക്കരിക്കുകയും അവർ ജാഥയായി മാർച്ച്ചെയ്തു കോടതിയിൽ ഹാജരായി, പരാതിപ്പെടുകയും ചെയ്തിരിക്കുന്നു. സ്ഥിരമായി ഇതിനൊരു പരിഹാരമുണ്ടാകുന്നതുവരെ ആലപ്പുഴബാറിൽ വക്കീലൻമാർ ജോലി ബഹിഷ്ക്കരിച്ചിട്ടുണ്ട്. അങ്ങനെയൊരു പ്രക്ഷോപണവിഷയമായിരിക്കുകയാണ്. യാതൊരു പ്രകോപനവുമില്ലാതെ മാന്യനായിട്ടേ സംസാരിക്കാൻ അറിയൂ എന്നുള്ള സാധുവായ, കൃശഗാത്രനായ നമ്മുടെ കബീർ മാസ്റ്ററെക്കാളും. കുറിയ ആളായ ജോയിക്കുട്ടി ജോസിനെ ഇങ്ങനെ ഭയങ്കരമായി തല്ലിയതിന് പരിഹാരം അടിയന്തിരമായി ഉണ്ടാകണം. കർശനമായ നടപടികളെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 24–ാം തീയതി ആലപ്പുഴ എസ്. ഐ. പെട്രോൾ ഡ്യൂട്ടിചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു കൈവണ്ടിക്കാരന്റെ വണ്ടി ജീപ്പിൽ മുട്ടി. അതിനെ തുടർന്ന് അദ്ദേഹം ചോദിക്കാനിറങ്ങി. ചോദിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നാണ് പറയുന്നത്. ഏതായാലും ഈ അഡ്വക്കേറ്റ് അവിടെ വന്ന് എസ്. ഐ. യുടെ നേരെ തട്ടിക്കയറി. കേസ്യുള്ളതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അതുകഴിഞ്ഞ് ജോയിയെ കസ്റ്റഡിയിലെടുത്തു. അദ്ദേഹത്തെ പോകാൻ പറഞ്ഞിട്ട് ജോയി പോകാൻ കൂട്ടാക്കിയില്ല. ജോയിക്കുട്ടിയെ മജിസ്ട്രേറ്റിന്റെ മുൻപാകെ ഹാജരാക്കി ജയിലിൽ വിട്ടിരിക്കുകയാണ്. എങ്കിൽപോലും ഒരു വക്കീൽ എന്നല്ല ഒരാളെ കസ്റ്റഡിയിലെടുത്തുകഴിഞ്ഞാൽ, ആ ആൾ എത്ര കുറ്റം ചെയ്യുകയോ, ചെയ്യാതിരിക്കുകയോ ആകാം. അതിനെക്കുറിച്ച് നിയമസഹായത്തിന് ആവശ്യപ്പെട്ടാൽ, അതിന് അവസരം കൊടുക്കാതിരിക്കുന്നത് ശരിയല്ല. വിശേഷിച്ചും അറിയാവുന്ന ഒരു അഭിഭാഷകൻ പാർട്ടിയുടെ ഒരു പ്രവർത്തകൻ, അങ്ങനെയുള്ള ഒരാളെ കസ്റ്റഡിയിലെടുത്തിട്ട് പോലീസിനോട് അഭിഭാഷകനെ ചെന്നുകാണണമെന്നുപറഞ്ഞപ്പോൾ വിസമ്മതിച്ചത് ഗുരുതരമായ കുറ്റമായി കണക്കാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഡി. ജി. പി. യോട് അന്വേഷിക്കാൻ പറഞ്ഞു. ആ എസ്. ഐ. യെ ഇന്നലെതന്നെ സസ്പെൻഡ് ചെയ്തു. ശക്തമായ നടപടി സ്വീകരിച്ചു. ഇതൊന്നും ഒരിക്കലും ഗവൺമെൻറ് അനുവദിക്കാൻ പോകുന്ന കാര്യമല്ല.

(4) ഇലക്ട്രിസിറ്റി ബോർഡുദ്യോഗസ്ഥനെ കാണാനില്ലെന്ന പരാതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, എൻെറ നിയോജകമണ്ഡലത്തിൽ, നഗരൂർ പഞ്ചായത്തിലെ വെള്ളല്ലൂരിൽ 40 വയസ്സുപ്രായമുള്ള ഒരു കൊച്ചുനാരായണപിള്ളയെ മെയ് 15-ാം തീയതി മുതൽ കാണാതായിരിക്കുന്നു. കെ. എസ്. ഇ. ബി. യുടെ കാഞ്ഞങ്ങാട്ടുള്ള ഓഫീസിലെ ഒരു സീനിയർ അസിസ്റ്റൻറായി ജോലി നോക്കുകയായിരുന്നു. ആ നാട്ടിലെ ഒരു മാന്യനാണ് അദ്ദേഹം. 13-ാം തീയതി ശമ്പളവും വാങ്ങി നാട്ടിലേക്ക് തിരിച്ചുവന്നതാണ്. 18-ാം തീയതി അടുത്ത ഒരു വീട്ടിൽ വിവാഹത്തിനു പോയിരുന്നു. എന്നാൽ 19-ാം തീയതി തൊട്ട് കൊച്ചുനാരായണപിള്ളയെ കാണാനില്ല. ലോക്കൽ പോലീസിലും, അതുപോലെതന്നെ മുഖ്യമന്ത്രിക്കും ഐ. ജി. ക്കുമെല്ലാം പരാതി കൊടുത്തു. അന്വേഷണം നടന്നു. ഒരു തുമ്പുമില്ല. ആ പ്രദേശത്തുള്ള ആളുകളും സർവ്വകക്ഷി പ്രതിഷേധയോഗം കൂടി. ആ യോഗത്തിൽവെച്ച് എടുത്ത തീരുമാനം ഈ കാണാതായ ചെറുപ്പക്കാരനെ കണ്ടുപിടിക്കുന്നതുവരെ ആ നാട്ടിലെ ജനങ്ങൾ അടങ്ങിയിരിക്കുകയില്ല. എന്നുള്ളതാണ്. അവർ സമരപ്രക്ഷോപണവുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഗുരുതരമായൊരു സ്ഥിതിവിശേഷം അവിടെ നിലവിലുണ്ട്. ഈ ചെറുപ്പക്കാരനെ അന്വേഷിച്ച് കണ്ടുപിടിക്കുന്നതിനുവേണ്ടി, ആരെങ്കിലും അപകടപ്പെടുത്തിയെങ്കിൽ കുറ്റവാളികളെ കണ്ടുപിടിച്ച് കർശനമായി ശിക്ഷിക്കുന്നതിനുവേണ്ടി ഈ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഇലക്ട്രിസിറ്റിബോർഡ് ജീവനക്കാരൻ കാസർകോട് ജില്ലയിൽ ജോലിയുള്ള ആളാണ്. അദ്ദേഹം വീട്ടിൽ വന്നതിനു ശേഷം കാണാതായതിനെക്കുറിച്ച് അദ്ദേഹത്തിൻെറ സഹോദരൻ മിലിട്ടറിയിലുള്ള ആളാണ് പരാതി കൊടുത്തത്. പരാതി കിട്ടിയ ഉടൻതന്നെ മാൻമിസ്സിംഗിനുള്ള സെക്ഷൻ അനുസരിച്ച് കേസ് ചാർജ്ജ്ചെയ്തു. ഇൻവെസ്റ്റിഗേഷൻ നടത്തുകയാണ്. ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ ഭാഗത്തുനിന്നു പോലീസിനെക്കൊണ്ട് അന്വേഷണം നടത്തി എന്തെങ്കിലും പരിഹാരം കണ്ടെത്താൻ നടപടിയെടുക്കുന്നതായിരിക്കും.

(5) അതിരമ്പുഴ പഞ്ചായത്തിൽ മറിയാമ്മ എന്ന സ്ത്രീയെ മണ്ണെണ്ണയൊഴിച്ചു കൊലപ്പെടുത്തിയ സംഭവം

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, എൻെറ നിയോജകമണ്ഡലത്തിൽപ്പെടുന്ന അതിരമ്പുഴ പഞ്ചായത്തിൽ കല്ലുംകൽ മറിയാമ്മ എന്ന സ്ത്രീ മേയ് മാസം 17-ാം തീയതി കൊലചെയ്യപ്പെട്ടു. മണ്ണെണ്ണ ദേഹത്തൊഴിച്ച് സ്വന്തം ഭർത്താവിനാൽ കൊലചെയ്യപ്പെട്ടു എന്നാണ് ജനങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നത്. സ്ഥലത്തെ എസ്. ഐ. യും

LIBRARY ARCHIVES Kerala Legislative Assembly